QP CODE: 23125337

23125337

Reg No : ....................

Name : ....................

# UNDER GRADUATE (CBCS) REGULAR / IMPROVEMENT / REAPPEARANCE EXAMINATIONS, MAY 2023

## Second Semester

## Common Course II - ML2CCT02 - മലയാളം- കവിത

(Common for Model I B.A/B.Sc Programmes)

2017 Admission Onwards

4097DC57

Time: 3 Hours

Max. Marks : 80

*Instructions to Private candidates only: This question paper contains two sections. Answer* ***SECTION I*** *questions in the answer-book provided.* ***SECTION II****, Internal examination questions must be answered in the question paper itself. Follow the detailed instructions given under* ***SECTION II***

### പാർട്ട് എ

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും* ***പത്തു*** *ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും* ***2*** *മാർക്ക് വീതം.*

1. "ഉടനെ വലിയ കാട്ടിൽ വന്മഴക്കാ-
റിടയിലിളം പിറപോലെ, ദീനനായി" - വിശദീകരിക്കുക.
2. " വർഷങ്ങൾക്കപ്പുറത്ത് നിന്ന്
ഒരു ചിരി വന്ന്
ഇരുവരുടെയും മുഖത്ത് പടർന്നു " - കാരണമെന്ത് ?
3. " ആളുകൾ ദൂരെ നിന്ന് ചൂണ്ടി
പ്രേതബാധയുള്ള വീട് " - എന്തിനെ പ്രതിനിധീകരിക്കുന്നു?
4. 'മുട്ടിയ നിങ്ങളിസ്സമുദായ
ക്കെട്ടടുത്തു പോലൊറ്റ വെട്ടാലേ' - വിശദീകരിക്കുക
5. "നിന്നെക്കണ്ടാലെന്നെക്കണ്ടു
എന്നെക്കണ്ടാലെല്ലാം കണ്ടു" - വിശദീകരിക്കുക.
6. "നേരമായി നിനക്കു ജീവിക്കാൻ
നേരമിന്നു തിരക്കു കൂട്ടുന്നു" - ആരുടെ വാക്കുകളാണിത്? വിശദീകരിക്കുക.
7. "പൊടുനെ ചാട്ടയുയർന്നു താഴുന്നു
ഇടിമിന്നൽ കോർത്തു പിടയും വേദന" - ആരുടെ അനുഭവമാണിത് ?
വിശദമാക്കുക.
8. "പ്രേമത്തിന്റെ ശൂലം കയറ്റുംമുമ്പ്
ചെറുക്കന്റെ നാവു പിഴുതെടുത്ത്
ചപ്പാത്തി ചുട്ടതെന്തിന്" - ഈ വരികളിൽ കവി ആവിഷ്കരിക്കുന്നതെന്ത്?
9. " പിന്നെ പയ്ക്കുന്നവർ നമ്മുടെ വിരുന്നു മേശകൾ ആക്രമിക്കുകയില്ലല്ലോ "? - ഈ
വിചാരം ആരുടേത് ? വിശദമാക്കുക.
10. "പക്ഷേ, സമ്പത്തുകാലമേ ഇല്ലാത്തവരെങ്ങിനെ തൈ പത്തു വയ്ക്കും?" ഈ ആശങ്ക
ഉയരുന്ന സന്ദർഭമേതെന്ന് വിശദീകരിക്കുക.

11. അപ്പൂപ്പൻ താടിയുടെ പറക്കൽ ഒരു വിനീത ശ്രമമായി കവി കാണുന്നതെന്തുകൊണ്ട്?

12. "ഓരോ തുള്ളി ചിതയിലേക്കും
ഒരായിരം സൂര്യനു കുതിച്ച
ഉടന്തടികളേ " - മാവിനെ കവി ഇങ്ങനെ വിശേഷിപ്പിക്കുന്നതിന്റെ സാംഗത്യമെന്ത്?

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.*

13. ലീലയുടെ വിലാപത്തിന് ഫലമുണ്ടാകും എന്ന് കവി സമർത്ഥിക്കുന്നത് എപ്രകാരമാണ്?

14. 'വിപ്ലവ മാർഗത്തെക്കുറിച്ചുള്ള സംശയങ്ങളാണ് 'സ്നേഹസുന്ദരപാതയിലൂടെ' എന്ന കവിതാഭാഗത്ത് ഉള്ളത്' - വിശദീകരിക്കുക

15. 'അന്യാപദേശ സ്വഭാവമുള്ള കവിതയാണ് 'കോഴി' - വിശദീകരിക്കുക.

16. "ലോകാവസാനം വരേക്കും പിറക്കാതെ പോകട്ടെ നീയെൻ മകനേ" -എന്ന് കവി ചിന്തിക്കാൻ കാരണങ്ങൾ എന്തെല്ലാം?

17. "പാരിസ്ഥിതികവും സ്ത്രീ കേന്ദ്രീകൃതവുമായ ഒട്ടേറെ പാരായണ സാധ്യതകൾ ഉള്ള കവിതയാണ് വി.എം.ഗിരിജയുടെ കൽവീട്" - ചർച്ച ചെയ്യുക.

18. 'ഒറ്റപ്പെട്ടു പോകുന്ന ജീവിതത്തിന്റെ ആവിഷ്കാരമാണ് ഒറ്റയ്ക്കിരിക്കാൻ പഠിച്ചു കഴിഞ്ഞു ഞാൻ എന്ന കവിതയിലുള്ളത്' - പരിശോധിക്കുക.

19. കുട്ടമ്മാനെക്കുറിച്ചുള്ള കവിയുടെ ഓർമ്മകൾ എന്തെല്ലാം?

20. 'ഇരയേതാണ് വേട്ടക്കാരനാരാണ് എന്ന് തിരിച്ചറിയപ്പെടാതിരിക്കുന്ന പുതിയ കാലത്തിന്റെ രാഷ്ട്രീയം നാഷണൽ ജ്യോഗ്രഫി എന്ന കവിതയിലുണ്ട്' - ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുവോ? വിശദമാക്കുക.

21. "മനുഷ്യനും പ്രകൃതിയുമായുള്ള പാരസ്പര്യമാണ് നല്ല കവിതയ്ക്കുണ്ടാവേണ്ടതെന്ന് 'തിരുത്ത് ' എന്ന കവിതയിലൂടെ പി.പി. രാമചന്ദ്രൻ ചൂണ്ടിക്കാണിക്കുന്നു" - പരിശോധിക്കുക.

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. 'പ്രണയം, വിവാഹം, കുടുംബം എന്നീ സ്ഥാപനങ്ങളെ അതിനിശിതമായി ചോദ്യം ചെയ്യുന്ന കലാപകാരികളാണ് കുമാരനാശാന്റെ നായികമാർ' - ലീല എന്ന കവിതയുടെ പശ്ചാത്തലത്തിൽ പരിശോധിക്കുക.

23. 'ചെറുത്തു നില്പിന്റെ, പോരാട്ടത്തിന്റെ, പ്രതിരോധത്തിന്റെ സാധ്യതകൾ മുന്നോട്ട് വയ്ക്കുന്ന കവിതയാണ് കെ.ജി. ശങ്കരപ്പിള്ളയുടെ മുള്ളൻപന്നി' - ഉപന്യസിക്കുക

24. "ആണധികാരത്തിന് കീഴിലെ പെൺജീവിതം" എതിൽ നിന്ന് "അധികാരത്തിന് കീഴിലെ ജീവിതങ്ങൾ " എന്നതിലേക്ക് സംക്രമിക്കുന്ന കവിതയാണ് വിജയലക്ഷ്മിയുടെ 'മൃഗശിക്ഷകൻ' - പരിശോധിക്കുക.

25. കുട്ടമ്മാൻ, പഴഞ്ചൊല്ലുകൾ എന്നീ കവിതകൾ എപ്രകാരമാണ് അരികുവത്കരിക്കപ്പെട്ട ജീവിതങ്ങളുടെ പക്ഷം ചേരുന്നതെന്ന് വിശദീകരിക്കുക.

(2×15=30)